Draft #1 of File 336/AC A5-2/2020/AC C 2 Approved by ASSISTANT REGISTRAR III (ACADEMIC) on 20-Feb-2020 11:18 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാലയുടെ B.Sc Botany ക്ക് ശേഷമുള്ള M.Sc Biotechnology ബിരുദം ഹയർ സെക്കൻഡറി തലത്തിൽ ബോട്ടണി പഠിപ്പിക്കുന്നതിന് M.Sc Botany ബിരുദത്തിന് തുല്യമായി കണക്കാക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച് - അക്കാദമിക് കൗൺസിൽ യോഗ തീരുമാനം -നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 1002/AC A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 20.02.2020

---

*പരാമർശം:*-1. ശ്രീമതി വൃന്ദ വി റാവു സമർപ്പിച്ച അപേക്ഷ ,തീയതി 30.06.2018
2.ചെയർമാൻ,ബോർഡ് ഓഫ് സ്റ്റഡീസ് ബോട്ടണി (പിജി ) രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം തീയതി 09.11.2018
3.ഡീൻ ഫാക്കൽറ്റി ഓഫ് സയൻസ് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം 30.01.2019
4.30.11.2019-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പ് ഇനം നമ്പർ .86/Ac.19/195073

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാലയുടെ B.Sc Botany ക്ക് ശേഷമുള്ള M.Sc Biotechnology ബിരുദം ഹയർ സെക്കൻഡറി തലത്തിൽ ബോട്ടണി പഠിപ്പിക്കുന്നതിന് M.Sc Botany ബിരുദത്തിന് തുല്യമായി കണക്കാക്കാം എന്ന സാക്ഷ്യപത്രം അഭ്യർത്ഥിച്ച് ശ്രീമതി വൃന്ദ വി റാവു പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു .

പ്രസ്തുത വിഷയത്തിൽ ചെയർമാൻ,ബോർഡ് ഓഫ് സ്റ്റഡീസ് ബോട്ടണി (പിജി )യുടെയും ഡീൻ ഫാക്കൽറ്റി ഓഫ് സയൻസിന്റെയും അഭിപ്രായങ്ങൾ തേടിയിരുന്നു .

ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ബോട്ടണി (പിജി), M.Sc Biotechnology പ്രോഗ്രാമിന്റെയും M.Sc Botany പ്രോഗ്രാമിന്റെയും സിലബസുകൾ തമ്മിൽ സാമ്യം ഇല്ലെന്നും, M.Sc Biotechnology പ്രോഗ്രാമിന് Classical Botany വിഷയങ്ങൾ ഒന്നും പാഠ്യവിഷയമായി ഉൾപ്പെടുന്നില്ലെന്നും, കൂടാതെ, ഹയർ സെക്കന്ററി അധ്യാപകർക്ക് വേണ്ട കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമാണ് എന്നതിനാലും ഹയർ സെക്കന്ററി സ്കൂളുകളിൽ ബോട്ടണി പഠിപ്പിക്കുന്നതിന് M.Sc Biotechnology ബിരുദം M.Sc Botany ബിരുദത്തിന് തുല്യ യോഗ്യതയായി ശുപാർശ ചെയ്യാനാവില്ല എന്ന് പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു .

ഡീൻ , ഫാക്കൽറ്റി ഓഫ് സയൻസ് പരാമർശം (3) പ്രകാരം, ചെയർമാൻ ബോർഡ് ഓഫ് സ്റ്റഡീസ് ബോട്ടണി (പിജി )യുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഇരു ബിരുദങ്ങളുടേയും സിലബസുകൾ സമാനമല്ലാത്തതിനാൽ M.Sc Botany അടിസ്ഥാന യോഗ്യത വേണ്ട ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപക തസ്തികയിലേക്ക് M.Sc Biotechnology ബിരുദധാരികളെ പരിഗണിക്കാൻ സാധിക്കില്ലെന്ന് അഭിപ്രായപ്പെട്ടു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ , പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിൽ സമർപ്പിക്കാൻ വൈസ് ചാൻസലറുടെ ചുമതലവഹിക്കുന്ന പ്രൊ വൈസ് ചാൻസിലർ ഉത്തരവാകുകയും തുടർന്ന് പരാമർശം (4) പ്രകാരം കൂടിയ അക്കാദമിക് കൗൺസിൽ യോഗം M.Sc Biotechnology പ്രോഗ്രാമിന്റെയും M.Sc Botany പ്രോഗ്രാമിന്റെയും സിലബസുകൾ തമ്മിൽ സമാനമല്ലാത്തതിനാലും M.Sc Biotechnology പ്രോഗ്രാമിന് Classical Botany വിഷയങ്ങളൊന്നും പാഠ്യവിഷയമായി ഉൾപടുന്നില്ലത്തതിനാലും, കൂടാതെ ഹയർ സെക്കൻഡറി അധ്യാപകർക്ക് വേണ്ട കുറഞ്ഞ യോഗ്യത ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമായതിനാലും മഹാത്മാ ഗാന്ധി സർവകലാശാലയുടെ B.Sc Botany ക്ക് ശേഷമുള്ള M.Sc Biotechnology ബിരുദം ഹയർ സെക്കൻഡറി തലത്തിൽ ബോട്ടണി പഠിപ്പിക്കുന്നതിന് M.Sc Botany ബിരുദത്തിന് തുല്യമായി കണക്കാക്കുന്നതിന് ശ്രീമതി വൃന്ദ വി റാവു സമർപ്പിച്ച അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു .

പ്രസ്തുത വിഷയം 31.12.2019ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിച്ചിരുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . ശ്രീമതി വൃന്ദ വി റാവു
2..വൈസ് ചാൻസലറുടെ പി.എസ്/ പ്രൊ വൈസ് ചാൻസലറുടെ പി എസ്
3 .രജിസ്ട്രാറുടെ പി.എ.
4.എ.ആർ III (അക്കാദമിക്) / ഡി.ആർ II(അക്കാദമിക്) /ജെ.ആർ II (ഭ.വി)
5 .കണ്ടൻറ് മാനേജ്മെന്റ് വിഭാഗം /ഐ ക്യു എസി
6.എ.സി.സി II / എ സി ഡി
7.കരുതൽ ഫയൽ /ഫയൽ പകർപ്പ്

Draft #1 of File 336/AC A5-2/2020/AC C 2 Approved by ASSISTANT REGISTRAR III (ACADEMIC) on 20-Feb-2020 11:18 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം